പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 3117 — 23-03-2015 ൽ മറുപടിക്ക്

**അഗ്രോ സർവ്വീസ് സെന്ററുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.പി.സി. വിഷ്ണുനാഥ് | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| ബി) എങ്കിൽ ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | 1. കർഷകന് ആവശ്യമായ വിവിധ സേവനങ്ങൾ ഈ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നു.<br>2. തൊഴിലാളി ക്ഷാമം പരിഹരിച്ച് യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.<br>3. ഫാം ക്ലിനിക്കുകൾ വഴി മണ്ണ് , രോഗകീടങ്ങൾ എന്നിവ പരിശോധിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നു.<br>4.കാർഷിക വായ്പ, വില നിലവാര വിപണനം, കാലാവസ്ഥാ വ്യതിയാനം എന്നിവ സംബന്ധിച്ച വിവരങ്ങളും വിവിധ സാങ്കേതിക ഉപദേശങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നു..<br>5. കർഷകർക്ക് ആവശ്യമായ യന്ത്ര സാമഗ്രികൾ വാടകയ്ക്ക് ലഭ്യമാക്കുകയും അവയുടെ റിപ്പയർ ജോലികൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നു.<br>6. കൃഷി അനുബന്ധ മേഖലകളിൽ യുവാക്കൾക്ക് താൽപ്പര്യവും, പ്രാഗൽഭ്യവും ഉറപ്പ് വരുത്തി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവര സാങ്കേതിക സംവിധാനങ്ങളിലൂടെ കൃഷിക്കാരിലേയ്ക്കും അധികാരികളിലേയ്ക്കും എത്തിക്കുന്നു.<br>7. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേനയുള്ള സഹായങ്ങൾ കൃഷിക്കാരിലേയ്ക്ക് ലഭ്യമാക്കുന്നതിന് സഹായിക്കുന്നു. |

| | | |
|---|---|---|
| സി) കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കാൻ പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം എത്രമാത്രം പ്രയോജനപ്പട്ടം; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ കർഷകതൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം കാര്യമായ പങ്ക് വഹിക്കുന്നു. നിലം ഒരുക്കൽ, മരുന്നുതളി, വിളവെട്ടുപ്പ് എന്നീ കൃഷിപ്പണികൾക്ക് അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നു. ഇതുവഴി തൊഴിലാളി ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും. കൂടാതെ കൃഷിപ്പണിക്ക് ന്യായമായ വാടകയ്ക്ക് യന്ത്രങ്ങൾ നൽകിവരുന്നു. |
| ഡി) സംസ്ഥാനത്ത് ഇത്തരം എത്ര സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | സംസ്ഥാനത്ത് 14 ജില്ലകളിലായി 2012-13 ൽ ആരംഭിച്ച 35 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

(signature)

സെക്ഷൻ ഓഫീസർ

**അനുബന്ധം**

തിരഞ്ഞെടുക്കപ്പെട്ട 35 അഗ്രോ സർവ്വീസ് സെൻ്ററുകളുടെ ജില്ലയും അസംബ്ലി മണ്ഡലവും.

| നം. | ജില്ല | അസംബ്ലി മണ്ഡലം | കൃഷിഭവൻ |
|---|---|---|---|
| 1 | തിരുവനന്തപുരം | നെടുവങ്ങാട്, നെയ്യാറ്റിൻകര | ആണ്ടൂർക്കോണം, ചെങ്കൽ |
| 2 | കൊല്ലം | പത്തനാപുരം, ചടയമംഗലം | പത്തനാപുരം, കടയ്ക്കൽ |
| 3 | പത്തനതിട്ട | റാന്നി, കോന്നി | വെച്ചൂച്ചിറ, പ്രമാടം |
| 4 | ആലപ്പുഴ | കായംകുളം, ചെങ്ങന്നൂർ | പത്തിയൂർ, പുലിയൂർ |
| 5 | കോട്ടയം | കോട്ടയം, കടുത്തുരുത്തി | പനച്ചിക്കാട്, മാഞ്ഞൂർ |
| 6 | ഇടുക്കി | തൊടുപുഴ, ഇടുക്കി | കരിങ്കുന്നം, മരിയാപുരം |
| 7 | എറണാകുളം | കോതമംഗലം, പിറവം, കളമശ്ശേരി | കവളങ്ങാട്, തിരുമാറാടി, കരുമാല്ലൂർ |
| 8 | തൃശ്ശൂർ | ചേലക്കര, ഇരിങ്ങാലക്കുട, വടക്കാഞ്ചേരി | പാഞ്ഞാൾ, പുറത്തുശ്ശേരി. തെക്കുംകര |
| 9 | പാലക്കാട് | മലമ്പുഴ, പട്ടാമ്പി | പുതുപരിയാരം, പട്ടാമ്പി |
| 10 | മലപ്പുറം | പെരുന്തൽമണ്ണ, കോട്ടയ്ക്കൽ, പൊന്നാനി | അങ്ങാടിപ്പുറം, മാറാക്കര, ആലംകോട്, |
| 11 | കോഴിക്കോട് | പേരാമ്പ്ര, കൊയിലാണ്ടി, നാദാപുരം, തിരുവമ്പാടി | ചെറുവണ്ണൂർ, തിക്കോടി, കാവിലുംപാറ, തിരുവമ്പാടി |
| 12 | വയനാട് | കൽപ്പറ്റ, മാനന്തവാടി, സുൽത്താൻബത്തേരി | മുട്ടിൽ മാനന്തവാടി, അമ്പലവയൽ |
| 13 | കണ്ണൂർ | കൂത്തുപറമ്പ്, ഇരിക്കൂർ, പയ്യന്നൂർ | പാട്യം, ശ്രീകണ്ഠപുരം, കാങ്കോൽ |
| 14 | കാസർഗോഡ് | മഞ്ചേശ്വരം, തൃക്കരിപ്പൂർ | വോർക്കാടി, നീലേശ്വരം |

സെക്ഷൻ ഓഫീസർ